LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശ്ശിക

220(2256) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നിലവിൽ എത്ര കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്; അറിയിക്കുമോ?

അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച 2019-20-ലെ വാർഷിക അക്കൗണ്ട്സ് പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ ഇതുവരെയുള്ള സഞ്ചിത നഷ്ടം 3,492.98 കോടി രൂപയാണ്.

(ബി) വാട്ടർ അതോറിറ്റിക്ക് നിലവിൽ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്ര?

വാട്ടർ അതോറിറ്റിക്ക് നിലവിൽ കുടിശ്ശിക ഇനത്തിൽ 30-06-2021 വരെ 2,150.24 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. പിരിഞ്ഞുകിട്ടാനുള്ള തുകയിൽ ഭൂരിഭാഗവും പിഴയും പിഴപ്പലിശയുമാണ്. വെള്ളക്കരം ഇനത്തിൽ പിരിച്ചെടുക്കുവാനുള്ള തുക താരതമ്യേന കുറവാണ്.

(സി) ഗാർഹിക പൈപ്പ് കണക്ഷനുകളിൽ എത്രയെണ്ണം മീറ്ററുകൾ പ്രവർത്തിക്കാത്തവയാണെന്നാണ് കരുതുന്നത്; ഇതുമൂലം പ്രതിവർഷം എത്ര രൂപയുടെ വരുമാന നഷ്ടമാണ് വാട്ടർ അതോറിറ്റിക്ക് ഉണ്ടാവുന്നത്?

ഗാർഹിക പൈപ്പ് കണക്ഷനുകളിൽ 71,421 എണ്ണം മീറ്ററുകൾ പ്രവർത്തിക്കാത്തവയാണ്. ഇത്തരം കണക്ഷനുകൾ മീറ്റർ മാറ്റി സ്ഥാപിക്കാത്ത കാലയളവിലേയ്ക്ക് അവസാന മൂന്നു റീഡിംഗുകളുടെ ശരാശരിയും സർചാർജ്ജും (മീറ്റർ പ്രവർത്തനക്ഷമമായ കാലയളവിലെ അവസാന വാട്ടർ ചാർജ്ജിന്റെ 25% ആദ്യമാസവും 50% തുടർന്നുള്ള രണ്ടു മാസങ്ങളിലും പിന്നീടുള്ള മാസങ്ങളിൽ 100% -വുമാണ് സർചാർജ്ജ്) കൂടെ ചേർത്ത് ബില്ല് ചെയ്യുന്നുണ്ട്. ആയതിനാൽ വലിയ തോതിൽ വരുമാന നഷ്ടം ഉണ്ടാകുന്നില്ല .

(ഡി) പൈപ്പ് കണക്ഷനുകളുടെ ചോർച്ചമൂലം പ്രതിദിന വിതരണത്തിനായി തയ്യാറാക്കുന്ന വെള്ളത്തിന്റെ എത്ര ശതമാനമാണ് കണക്കിൽപ്പെടാതെ നഷ്ടപ്പെടുന്നത്; ഇതുമൂലം പ്രതിവർഷം എത്ര തുകയുടെ വരുമാന നഷ്ടമാണ് വാട്ടർ അതോറിറ്റിക്ക് ഉണ്ടാവുന്നത്; അറിയിക്കുമോ?

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40-45% വരുമാനരഹിത ജലമായാണ് കണക്കാക്കുന്നത്. ഇതിൽ പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം ഉണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ,

LIBRARY ARCHIVES Kerala Legislative Assembly

മോഷണം തുടങ്ങിയ കാരണങ്ങൾകൊണ്ട് ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമൂലമുള്ള നഷ്ടവും (വാണിജ്യ നഷ്ടം) ഉൾപ്പെടുന്നു. പൈപ്പ് കണക്ഷനുകളുടെ ചോർച്ചമൂലം പ്രതിദിന വിതരണത്തിനായി തയ്യാറാക്കുന്ന വെള്ളത്തിന്റെ നഷ്ടം (ഭൗതിക നഷ്ടം) 20-25% വരെയാണ്. ഇതുമൂലം പ്രതിവർഷം ഏകദേശം 200 കോടിയോളം രൂപയുടെ വരുമാന നഷ്ടമാണ് വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്നത്.

(ഇ) ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കിയും അടിക്കടിയുള്ള പൈപ്പ് പൊട്ടൽ ഒഴിവാക്കിയും വാട്ടർ അതോറിറ്റിയെ ലാഭത്തിലാക്കാനുമായി സർക്കാർ എന്തൊക്കെ നൂതനമായ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ടർ മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും പൊട്ടിയ പൈപ്പിന്റെ ഭാഗം അടിയന്തരമായി മാറ്റി സ്ഥാപിച്ച് ജലനഷ്ടം ഒഴിവാക്കിവരുന്നു. കൂടാതെ കുടിവെള്ളം പാഴാകുന്നത് തടയുന്നതിനായി സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടപ്പിലാക്കിവരുന്നു. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 144.76 കോടി രൂപയുടെ പ്രവൃത്തികൾ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ച് അതുവഴി ജല ചോർച്ച ഒഴിവാക്കുവാൻ വേണ്ടിയുള്ളതാണ്. ഇതിൽ 112.59 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി വഴി 382.64 കോടി രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തിയും കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നുണ്ട്. കൂടാതെ നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലുൾപ്പെടുത്തിയും വിവിധ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. ഇതുകൂടാതെ എ.ഡി.ബി.-യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന് കേന്ദ്രസർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയിൽ വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (ഡിസ്ട്രിക്ട് മീറ്ററിംഗ് ഏരിയ) സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുന്നതിനുള്ള പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലച്ചോർച്ച ദേശീയ ബെഞ്ച്മാർക്ക് നിലവാരമായ 20%-ൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു.